

DEPUTY SPEAKER

# M. J. ZAKARIA

Shri M.J. Zakaria, journalist and trade union leader, was born as the son of Shri Mohammed Jaffer Sait and Smt. Fathima Bai at Cochin on April 11, 1941. He completed his intermediate education at Mattancherry even while being involved in student movements.

Shri Zakaria entered politics through the Muslim Students Federation. He was the Councillor of the Cochin Corporation since its formation in 1967 and was the Chairman of the Health Committee. In 1976 he became the Deputy Mayor of Cochin Corporation. He was elected as a representative of the civic body to the Greater Cochin Development Authority. He has also successfully completed the orientation course for the Councillors

conducted by the Osmania University, Hyderabad.

Shri Zakaria had been elected to KLA in 1980, 1987 and 1991 from Mattancherry Constituency. He held the Office of the Deputy Speaker in 6$^{th}$ KLA from February 21, 1980 to February 1, 1982. He was also the Chairman of the Estimates Committee during 1994-96.

Shri Zakaria was Ernakulam District Vice-President of Muslim League and Secretary of the Muslim League Legislature Party during 1980-82. He was also the State Secretary and State Vice- President of AIML. He later became State Working President of INL.

As President of several trade unions he had served in FCI Thozhilali Union, Cochin Port Swathanthra Thozhilali Union, Kerala State Rationshop Employees Union, KSDP Employees Council and KMML Employees Union.

A known journalist, Shri Zakaria has authored several short stories and was the Editor of 'Aikyam' Weekly.

Smt. Hajara Bai was his wife and they have three sons and four daughters.

Shri M.J. Zakaria expired on October 3, 1999.

The Assembly paid homage to him on December 29, 1999.

ഡെപ്യൂട്ടി
സ്പീക്കർ



# എം.ജെ. സക്കറിയ

പത്രപ്രവർത്തകൻ, ട്രേഡ് യൂണിയൻ നേതാവ് എന്നീ നിലകളിൽ പ്രശസ്തനായിരുന്ന ശ്രീ. എം. ജെ. സക്കറിയ 1941 ഏപ്രിൽ 11–ാം തീയതി ശ്രീ. മുഹമ്മദ് ജാഫർ സേട്ടിന്റെയും ശ്രീമതി ഫാത്തിമ ബായിയുടെയും മകനായി കൊച്ചിയിൽ ജനിച്ചു. മട്ടാഞ്ചേരിയിൽ വിദ്യാർത്ഥി സംഘടനാപ്രവർത്തനങ്ങളിൽ വ്യാപൃതനായിരിക്കെത്തന്നെ അദ്ദേഹം ഇന്റർമീഡിയറ്റ് പൂർത്തിയാക്കി.

മുസ്ലീം സ്റ്റുഡന്റ്സ് ഫെഡറേഷനിലൂടെയാണ് ശ്രീ. സക്കറിയ സേട്ട് രാഷ്ട്രീയത്തിൽ പ്രവേശിച്ചത്. 1967–ൽ കൊച്ചി കോർപ്പറേഷൻ രൂപീകൃതമായപ്പോൾ അവിടെ കൗൺസിലറായ അദ്ദേഹം ഹെൽത്ത് കമ്മിറ്റി ചെയർമാനായും പ്രവർത്തിച്ചിട്ടുണ്ട്.

1976-ൽ അദ്ദേഹം കൊച്ചി കോർപ്പറേഷൻ ഡെപ്യൂട്ടി മേയറായി. കൊച്ചി കോർപ്പറേഷൻ പ്രതിനിധിയായി ഗ്രേറ്റർ കൊച്ചിൻ ഡെവലപ്മെന്റ് അതോറിറ്റിയിലേയ്ക്ക് അദ്ദേഹം തെരഞ്ഞെടുക്കപ്പെട്ടു. ഹൈദരാബാദിലുള്ള ഉസ്മാനിയ സർവ്വകലാശാലയുടെ ആഭിമുഖ്യത്തിൽ നടത്തിയ കൗൺസിലർമാരുടെ ഓറിയന്റേഷൻ കോഴ്സും അദ്ദേഹം വിജയകരമായി പൂർത്തിയാക്കുകയുണ്ടായി.

1980, 1987, 1991 എന്നീ വർഷങ്ങളിൽ മട്ടാഞ്ചേരി നിയോജകമണ്ഡലത്തിൽ നിന്ന് അദ്ദേഹം നിയമസഭയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ടു. ആറാം കേരളനിയമസഭയുടെ കാലത്ത് 1980 ഫെബ്രുവരി 21 മുതൽ 1982 ഫെബ്രുവരി 1 വരെ ഡെപ്യൂട്ടി സ്പീക്കറായിരുന്നു അദ്ദേഹം. 1994-96 കാലയളവിൽ എസ്റ്റിമേറ്റ്സ് കമ്മിറ്റി ചെയർമാനെന്ന നിലയിലും പ്രവർത്തിച്ചിട്ടുണ്ട്.

മുസ്ലീം ലീഗിന്റെ എറണാകുളം ജില്ലാ വൈസ് പ്രസിഡന്റായിരുന്ന ശ്രീ. സക്കറിയ 1980 മുതൽ 1982 വരെ മുസ്ലീം ലീഗ് പാർട്ടിയുടെ നിയമസഭാകക്ഷി സെക്രട്ടറിയായും പ്രവർത്തിച്ചു. എ.ഐ.എം.എൽ. സംസ്ഥാന സെക്രട്ടറിയും സംസ്ഥാന വൈസ് പ്രസിഡന്റുമായിരുന്നു അദ്ദേഹം. എഫ്.സി.ഐ. തൊഴിലാളി യൂണിയൻ, കൊച്ചിൻ തുറമുഖ സ്വതന്ത്ര തൊഴിലാളി യൂണിയൻ, കേരള സംസ്ഥാന റേഷൻ പീടിക തൊഴിലാളി യൂണിയൻ, കെ.എസ്.ഡി.പി. എംപ്ലോയീസ് കൗൺസിൽ, കെ.എം.എം.എൽ. എംപ്ലോയീസ് യൂണിയൻ എന്നീ സംഘടനകളുടെ നേതൃസ്ഥാനമലങ്കരിച്ചിരുന്ന ശ്രീ. സേട്ട് നിരവധി തൊഴിലാളി സംഘടനകളുടെ പ്രസിഡന്റായും പ്രവർത്തിച്ചിട്ടുണ്ട്.

അറിയപ്പെടുന്ന പത്രപ്രവർത്തകനായിരുന്ന ശ്രീ. സക്കറിയ സേട്ട് 'ഐക്യം' വാരികയുടെ പത്രാധിപരായിരുന്നു. അസംഖ്യം ചെറുകഥകളും അദ്ദേഹം രചിച്ചിട്ടുണ്ട്.

ശ്രീമതി ഹാജിറാബായിയായിരുന്നു അദ്ദേഹത്തിന്റെ ഭാര്യ. അവർക്ക് മൂന്ന് പുത്രന്മാരും നാല് പുത്രിമാരുമുണ്ട്.

1999 ഒക്ടോബർ 3-ന് ശ്രീ. സക്കറിയ സേട്ട് അന്തരിച്ചു. നിയമസഭ അദ്ദേഹത്തിന് ചരമോപചാരമർപ്പിച്ചത് 1999 ഡിസംബർ 29-നാണ്.